**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2465** **27-02-2023 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കാർഷിക സംസ്കരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളും, പദ്ധതികളും വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>i. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന, ഉൽപ്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് മേൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS) യിൽ ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ഉൾപ്പെടെ 30 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകി വരുന്നു.<br><br>ii. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി അനുയോജ്യരായ സംരംഭകരെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൈയെടുക്കുന്ന സംരംഭകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ; | (ബി) | ഉണ്ട്. സംരംഭക സഹായ പദ്ധതി (ESS), പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (Prime Minsters Formalization of Micro Food Processing Enterprises), പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി. എം. ഇ .ജി .പി), ഒരു കുടുബം ഒരു സംരംഭം പദ്ധതി (OFOE), നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് മുതലായവ വ്യവസായ വകുപ്പ് വഴി സമ്പത്തിക സഹായം നൽകുന്ന പദ്ധതികളാണ്. |
| (സി) | വയനാട് ജില്ലയിലെ കാർഷിക ഉല്പന്നങ്ങൾക്ക് വിദേശ മാർക്കറ്റുകളിൽ ഇടം ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കാമോ? | (സി) | കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനു സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്വർക്ക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിക്കും. കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലായ 'GeM' മുഖേന ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതു സംഭരണം നടത്താവുന്നതാണ്. എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് GEM PORTAL രജിസ്ട്രേഷൻ നടത്തുന്നതു വഴി ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GEM PORTAL ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനോടൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ബി ടു ബി വെബ് |

| | | | |
|---|---|---|---|
| | | | പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br><br>വയനാടൻ കാപ്പിക്ക് വിദേശ മാർക്കറ്റുകളിൽ ഇടം ലഭിക്കുന്നതിനായി ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ കർഷകരുടെ കൂട്ടമയിൽ കാപ്പിക്കുരു സംസ്കരണം സാധ്യമാകുന്ന തരത്തിൽ കോഫി സംസ്ക്കരണ പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ